(എ) പട്ടികജാതി ക്രൈസ്തവരെ മതപരിഗണനകൂടാതെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) പട്ടികജാതി ക്രൈസ്തവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ എസ്.സി./എസ്.റ്റി. കുട്ടികളുടേതിനു തുല്യമാക്കുന്നതിനുള്ള പ്രധാനതടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം കുട്ടികൾക്ക് സർക്കാർ ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1950-ലെ ഭരണഘടനാ വ്യവസ്ഥയനുസരിച്ച് നിലവിൽ ഹിന്ദു, സിഖ്, ബുദ്ധമതവിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്കു മാത്രമേ പട്ടികജാതി പദവി അനുഭവവേദ്യമാകുകയുള്ളൂ. ഭരണഘടനാ ഭേദഗതിയിൽക്കൂടി മാത്രമേ പ്രസ്തുത വ്യവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ.

(ബി&സി) പട്ടികജാതി ക്രൈസ്തവരുടെ കാര്യത്തിൽ ടിയാളുകളെ സംസ്ഥാനത്തിന്റെ മറ്റ് അർഹവിഭാഗത്തിൽ (OEC) ഉൾപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ പട്ടികജാതി വികസന പദ്ധതികൾ

292 (2848) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണ് ; പ്രസ്തുത പദ്ധതികൾക്ക് എത്ര തുക അനുവദിച്ചു ; പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly